പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം ന 2067 — 13.06.2019 ൽ മറുപടിക്ക്

## കോതമംഗലം മണ്ഡലത്തിൽ ആർദ്രം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ആന്റണി ജോൺ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
| (എ) | കോതമംഗലം മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യസ്ഥാപനങ്ങളാണ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ആർദ്രം ഒന്നാം ഘട്ടത്തിൽ (2017-2018) പ്രാഥമികാരോഗ്യ കേന്ദ്രം കുട്ടൻപുഴ, 2018-2019 ൽ രണ്ടാം ഘട്ടത്തിൽ കോതമംഗലം താലൂക്ക് ആശുപത്രി, സാമൂഹികാരോഗ്യ കേന്ദ്രം നേരിയമംഗലം, പ്രാഥമികാരോഗ്യ കേന്ദ്രം പിണ്ടിമന, ചെറുവട്ടൂർ, കോട്ടപ്പടി, പുന്നേക്കാട് എന്നീ സ്ഥാപനങ്ങളാണ് കോതമംഗലം മണ്ഡലത്തിൽ നിന്നും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രസ്തുത സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | കോതമംഗലം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി പേഷ്യന്റ് ഫ്രെണ്ട്ലി ഹോസ്പിറ്റൽ ഇനിഷ്യേറ്റീവ് ഒ.പി.ട്രാൻസ്ഫർമേഷനു വേണ്ടി 2,08,44,000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്.<br>നേരിരയമംഗലം സാമൂഹ്യാരോഗ്യകേന്ദ്രം, പ്രാഥമികാരോഗ്യകേന്ദ്രം പിണ്ടിമന, പോത്താനിക്കാട്, കോട്ടപ്പടി, പുന്നേക്കാട് എന്നീ സ്ഥാപനങ്ങൾ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 14,00,000/- രൂപയുടെയും പ്രാഥമികാരോഗ്യകേന്ദ്രം. ചെറുവട്ടൂരിന് 15,50,000/- രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച പ്രവൃത്തികൾ ആരംഭിച്ച് വരുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ നിന്നും പുതുതായി ഏതെങ്കിലും ആരോഗ്യ സ്ഥാപനങ്ങൾ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും ഉൾപ്പെടാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ അടുത്ത ഘട്ടങ്ങളിൽ പരിഗണിക്കപ്പെടും. |

സെക്ഷൻ ഓഫീസർ